മുദ്രകൾ

# 'മിതവാദ ഇസ്‌ലാമി'നെ തിരിച്ചറിയാൻ

**അമേരിക്കയിലെ** ഒന്നാം നിരയിലുള്ള രാഷ്ട്രീയ ബുദ്ധികേന്ദ്രമാണ് RAND. ഒരു ഗവൺമെന്റേതര ഏജൻസി (എൻ.ജി.ഒ) എന്നാണ് ഇത് സ്വയം അവകാശപ്പെടുന്നതെങ്കിലും, അമേരിക്കൻ സേനയുമായി റാൻഡിനുള്ള അടുത്ത ബന്ധം ഒരു രഹസ്യമല്ല. അമേരിക്കയുടെ നവകൊളോണിയൽ അജണ്ടക്ക് വസ്തുതകൾ വളച്ചൊടിച്ച് ന്യായങ്ങൾ കണ്ടെത്തിക്കൊടുക്കലാണ് ഈ കേന്ദ്രത്തിന്റെ ജോലി എന്നും ആക്ഷേപമുണ്ട്.

മുസ്‌ലിംലോകമാണ് ഇപ്പോൾ റാൻഡിന്റെ പ്രധാന പഠന വിഷയം. 'സിവിൽ ഡെമോക്രാറ്റിക് ഇസ്‌ലാം' എന്ന പേരിൽ രണ്ടു വർഷം മുമ്പ് അവർ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. അമേരിക്കൻ ബുദ്ധികേന്ദ്രങ്ങൾ കുരിശുയുദ്ധ പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് ഇപ്പോഴും ഇസ്‌ലാമിനെയും മുസ്‌ലിംലോകത്തെയും കാണുന്നത് എന്നതിന് തെളിവാണ് ഈ റിപ്പോർട്ട്. ഇതിനേക്കാൾ പക്ഷപാതപരമാണ് 'ബിൽഡിംഗ് മോഡറേറ്റ് മുസ്‌ലിം നെറ്റ്‌വർക്ക്' എന്ന മാർച്ചിൽ പുറത്തിറക്കിയ 217 പേജുള്ള ഏറ്റവും പുതിയ റിപ്പോർട്ട്

'മുസ്‌ലിംലോകത്തെ ഭീകരരെയും തീവ്രവാദികളെയും തിരിച്ചറിയാനുള്ള' വഴികാട്ടിയാണത്രെ ഇത്. ഒരു പതിനൊന്നിന ചോദ്യാവലി കൂടെയുണ്ട്. അതുവെച്ച് ഇസ്‌ലാമിന്റെ തീവ്രവാദ/മിതവാദ ബ്രാൻഡുകൾ മനസ്സിലാക്കാം. അതുപ്രകാരം ജിഹാദിനെ അംഗീകരിക്കുന്നവരും ഖുർആനിൽ യാതൊരു മാറ്റവും പാടില്ല എന്ന് പറയുന്നവരും തീവ്രവാദികളുടെ ഗണത്തിൽപെടും. "ലോകത്തെ 1.7 ബില്യൻ മുസ്‌ലിംകളും തീവ്രവാദികളാണ്- അവർ അങ്ങനെയല്ലെന്ന് തെളിയിക്കും വരെ. ഇതാണ് ഈ റിപ്പോർട്ടിന്റെ അന്തസ്സത്ത"-അമേരിക്കയിലെ സ്കൂൾ ഓഫ് ഇസ്‌ലാമിക് ആന്റ് സോഷ്യൽ സയൻസിന്റെ അധ്യക്ഷൻ ഡോ. ത്വാഹാ അൽ ജബ്ർ അൽ അൽവാനി പറഞ്ഞു.

"മുസ്‌ലിംകളെയും ഇസ്‌ലാമിക ലോകത്തെയും റാൻഡ് നിർവചിക്കുകയാണ്. തങ്ങൾ ആരെന്ന് സ്വയം നിർവചിക്കാനുള്ള അവസരം മുസ്‌ലിംകൾക്ക് നൽകപ്പെടുന്നില്ല. ഈ നിലയിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ മുസ്‌ലിംകളെ അവർക്കൊരിക്കലും മനസ്സിലാക്കാനാവില്ല"- കനഡയിൽ മാനേജ്മെന്റ് ആന്റ് റിലീജ്യസ് സ്റ്റഡീസ് വിഭാഗത്തിലെ ഡോ. ജമാൽ ബദവിയുടെ അഭിപ്രായം.

മിതവാദ ഇസ്‌ലാമിന്റെ ആളുകൾ മുസ്‌ലിംലോകത്ത് വളരെ ദുർബലരാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇസ്‌ലാമിന്റെ ചില പ്രമാണങ്ങളെങ്കിലും കൈയൊഴിച്ചാലേ ഒരാൾക്ക് മിതവാദിയാവാൻ പറ്റൂ. അതിനാൽ ഇസ്‌ലാമിസ്റ്റുകൾ എത്രതന്നെ സമാധാനകാംക്ഷികളാണെങ്കിലും അവരെ വിശ്വാസത്തിലെടുക്കാൻ പാടില്ല. സംഭാഷകർ (interlocutors) ആയി അവരുടെ സേവനം ഉപയോഗപ്പെടുത്താമെന്നു മാത്രം. മുഹമ്മദ് നബിയെക്കുറിച്ചുള്ള കാർട്ടൂണുകൾ 'ഒരു ആഗോള ഏറ്റുമുട്ടലാക്കി' വളർത്തിയതിന് ഡെന്മാർക്കിലെ ഇമാമുമാർക്കാണ് പഴി. കാർട്ടൂണുകൾ പ്രസിദ്ധീകരിച്ച പത്രങ്ങൾക്ക് ക്ലീൻ ചീറ്റും! അഭിപ്രായ സ്വാതന്ത്ര്യമില്ലാത്തതിനാൽ മുസ്‌ലിംലോകത്തെ ചിലർ പള്ളികളെ അവരുടെ പ്രതിഷേധം പ്രകടിപ്പിക്കാനുള്ള വേദികളാക്കുന്നുണ്ട് എന്നൊരിടത്ത് പരിഭവമുണ്ട്. അതായത് പള്ളികൾ തീവ്രവാദ കേന്ദ്രങ്ങളാവുന്നുവെന്ന്. റാൻഡിന് ഫണ്ട് നൽകുന്ന അമേരിക്കൻ ഭരണാധികാരികളാണ് മുസ്‌ലിം ലോകത്തെ ഏകാധിപത്യ ഭരണകൂടങ്ങളെ മുഴുവൻ താങ്ങിനിർത്തുന്നതെന്ന പച്ചപ്പരമാർഥം റാൻഡിന്റെ ഭൂതക്കണ്ണാടിയിലെവിടെയും തെളിഞ്ഞിട്ടില്ല!

കപട മിതവാദി (false moderate) എന്ന് പ്രയോഗിക്കുന്നുണ്ട് ചിലേടത്ത്. അമേരിക്കക്ക് ചൂട്ടുപിടിക്കാത്ത എല്ലാ മുസ്‌ലിം വ്യക്തിത്വങ്ങളും സംഘടനകളും ഇതിന്റെ പരിധിയിൽവരും. റിപ്പോർട്ടിലെ സൂക്ഷ്മമായ ഒരു പ്രയോഗമാണ് 'കഴിഞ്ഞ കാലത്തെ അതിക്രമങ്ങൾ' (Violence in the Past). ഇത് ഫ്രഞ്ച്/ ബ്രിട്ടീഷ് കൊളോണിയലിസത്തിനെതിരെ കഴിഞ്ഞ നൂറ്റാണ്ടിൽ മുസ്‌ലിംലോകം നടത്തിയ ചെറുത്തുനിൽപിനെക്കുറിച്ചാകാമെന്ന് ശൈഖ് മുഹമ്മദ് മുഖ്താർ നിരീക്ഷിക്കുന്നു. റിപ്പോർട്ട് തയാറാക്കിയവർക്ക് ഡോ. യൂസുഫുൽ ഖറദാവി ഒരു 'സലഫി പ്രഭാഷകനാ'ണ്! ലിബറൽ ചിന്താഗതി പുലർത്തുന്ന ത്വാരിഖ് റമദാനെ റാഡിക്കൽ എന്ന് പ്രത്യേകം വിശേഷിപ്പിച്ചിരിക്കുന്നു. ■

# വളർത്തേണ്ടത് സംവാദസംസ്കാരം

**വിവിധ** മതക്കാർ തമ്മിലുള്ള ആശയക്കൈമാറ്റവും ഇടപഴകലുമാണ് ഇന്നിന്റെ കാലുഷ്യങ്ങൾക്ക് പരിഹാരം എന്ന വിശ്വാസക്കാരനാണ് വാഷിംഗ്ടണിലെ അമേരിക്കൻ യൂനിവേഴ്സിറ്റിയിൽ നരവംശശാസ്ത്ര വിഭാഗം പ്രഫസറായ ഡോ. അക്ബർ എസ്. അഹ്മദ്. മതവിഭാഗങ്ങൾ പരസ്പരം അടുത്തറിഞ്ഞാൽ തെറ്റുധാരണകൾ ഇല്ലാതാകും. അപ്പുറത്തുള്ളത് ശത്രുവല്ല, മിത്രമാണെന്ന് മനസ്സിലാകും. ഇങ്ങനെ അടുത്തറിയുന്നതിന് നൂതനമായ രീതികൾ പരീക്ഷിച്ചുനോക്കാറുണ്ട് ഈ പ്രഫസർ.

ഈയിടെ തന്റെ ഏതാനും വിദ്യാർഥികളെയും കൂട്ടി എട്ട് മുസ്‌ലിം രാജ്യങ്ങളിലൂടെ അദ്ദേഹം ഒരു പര്യടനം നടത്തി. ഒരു മുസ്‌ലിം വിദ്യാർഥിയും മൂന്ന് അമുസ്‌ലിം വിദ്യാർഥികളുമാണ് സംഘത്തിലുണ്ടായിരുന്നത്. തുർക്കി, സിറിയ, ജോർദാൻ, ഖത്തർ, പാകിസ്താൻ, മലേഷ്യ, ഇന്തോനേഷ്യ, ഈജിപ്ത് എന്നീ രാജ്യങ്ങളാണ് സന്ദർശിച്ചത്. കൂട്ടത്തിൽ ഇന്ത്യയിലും വന്നു. "ലോകത്ത് എന്തു നടക്കുന്നു എന്നതിനെക്കുറിച്ച് മുസ്‌ലിംകൾക്ക് ഒന്നുമറിയില്ല, അവർ അമേരിക്കൻ ജനതയെ വെറുക്കുന്നു തുടങ്ങിയ മുൻധാരണകളുമായി മുസ്‌ലിംനാടുകളിലെത്തിയ എനിക്ക് അതൊക്കെ തിരുത്തേണ്ടി വന്നു" - സംഘാംഗമായ ജോർജ് ടൗൺ യൂനിവേഴ്സിറ്റിയിലെ വിദ്യാർഥി ഹെയ്‌ലി വോൾട്ട് പറഞ്ഞു. "അവർ ധാരാളമായി വായിക്കുന്നവരാണെന്ന

കാര്യം എന്നെ അതിശയപ്പെടുത്തി. അവർ സി.എൻ.എന്നും ബി.ബി.സിയും കേൾക്കുന്നു. അവരുടെ ആതിഥ്യവും തുറന്ന മനസ്സും എന്നെ കീഴ്പ്പെടുത്തിക്കളഞ്ഞു." വിദ്യാർഥികൾ, മതപണ്ഡിതന്മാർ, പ്രഫസർമാർ, ടാക്സി ഡ്രൈവർമാർ തുടങ്ങിയ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുമായും ആശയവിനിമയം നടത്താൻ സംഘത്തിന് അവസരം ലഭിച്ചു.

"ഉസാമാ ബിൻ ലാദിനുമായി സംസാരിച്ച് സമയം പാഴാക്കുന്നവനല്ല ഞാൻ. പക്ഷേ, അമേരിക്കയെക്കുറിച്ച് അറിയാത്ത, പുറംലോകത്ത് യാത്ര ചെയ്തിട്ടില്ലാത്ത ഒരാൾ തുറന്ന മനസ്സോടെയാണ് വരുന്നതെങ്കിൽ അയാളുമായി സംസാരിക്കാൻ ഞാൻ പണവും സമയവും ചെലവാക്കും"-ഡോ. അഹ്മദ് പറഞ്ഞു. മതങ്ങൾ തമ്മിൽ നടക്കേണ്ടത് സംഘട്ടനമല്ല, സംവാദമാണ്. അമേരിക്കയിലെ നവയാഥാസ്ഥിതികർ നേരെ വിരുദ്ധ പക്ഷത്താണ്. 'സംസ്കാരങ്ങളുടെ സംഘട്ടനം' ആണ് അവർ പ്രതീക്ഷിക്കുന്നത്.

തന്റെയും വിദ്യാർഥികളുടെയും യാത്രാനുഭവങ്ങൾ സമാഹരിച്ചുകൊണ്ട് Journey to Islam എന്ന പുസ്തകത്തിന്റെ പണിപ്പുരയിലാണ് പാക് വംശജനായ അക്ബർ എസ്. അഹ്മദ്. പുസ്തകം ജൂണിൽ പുറത്തിറങ്ങും. ■

മുദ്രകൾ

# സോമാലിയയിൽ ചെറുത്തുനിൽപ് ശക്തിപ്പെടുന്നു

**സോമാലി** ഡെപ്യൂട്ടി പ്രധാനമന്ത്രി ഹുസൈൻ ഐദീദ്, ഇസ്‌ലാമിക് കോർട്സ് നേതാവ് ശൈഖ് ശരീഫ് അഹ്മദ്, പുറത്താക്കപ്പെട്ട പാർലമെന്റ് സ്പീക്കർ ശരീഫ് ഹസൻ എന്നീ നേതാക്കൾ ചേർന്ന് സോമാലിയയിലെ എത്യോപ്യൻ അധിനിവേശത്തിനെതിരെ പുതിയ ചെറുത്തുനിൽപ് മുന്നണിക്ക് രൂപം നൽകി. "നയതന്ത്ര സംഭാഷണത്തിലൂടെ എത്യോപ്യൻ സൈന്യം സ്വയം പിന്മാറുമെന്നാണ് ഞങ്ങൾ കരുതിയത്. അവർ സഹകരിച്ചില്ലെങ്കിൽ അവരെ പുറത്താക്കാനുള്ള വഴി ഞങ്ങൾ നോക്കും'-മൂന്ന് നേതാക്കളും സന്നിഹിതരായ പത്രസമ്മേളനത്തിൽ ഹുസൈൻ ഐദീദ് പ്രഖ്യാപിച്ചു.

ഏപ്രിൽ 18-ന് മുന്നണി രൂപീകരിച്ച ശേഷം എത്യോപ്യൻ സൈന്യത്തിനെതിരെയുള്ള നീക്കം ശക്തിപ്പെട്ടിരിക്കുകയാണ്. ഈ ഏറ്റുമുട്ടലിൽ മാത്രം ഇതിനകം (ഏപ്രിൽ 22-ലെ റിപ്പോർട്ട്) 200 പേർ വധിക്കപ്പെട്ടു. "ദേശീയ-ഇസ്‌ലാമിക സേനകൾ ഒത്തുചേർന്ന് ഏതാനും മാസങ്ങൾക്കകം എത്യോപ്യൻ സൈന്യത്തെ സോമാലിയയിൽനിന്ന് പുറത്താക്കിയിരിക്കും"-ഇസ്‌ലാമിക് കോർട്സ് നേതാവ് ശൈഖ് ശരീഫ് ആത്മവിശ്വാസം പ്രകടിപ്പിച്ചു. "ഇപ്പോൾ കാര്യങ്ങളുടെ നിയന്ത്രണം ചെറുത്തുനിൽപ് മുന്നണിയുടെ കൈകളിലാണ്. ഞങ്ങളുടെ ശക്തികേന്ദ്രമായ തലസ്ഥാനനഗരിയുടെ തെക്കുഭാഗത്തേക്ക് കടക്കാൻ എത്യോപ്യൻ സൈന്യത്തിന് കഴിഞ്ഞിട്ടില്ല."

സോമാലിയയിൽ അമേരിക്കൻ പിന്തുണയോടെ എത്യോപ്യൻ സൈന്യം ഒരു പാവഭരണകൂടത്തെ പ്രതിഷ്ഠിച്ചിട്ടുണ്ട്. എത്യോപ്യൻ നയങ്ങൾ നടപ്പാക്കുന്നതിനുള്ള ഒരു ഉപകരണം മാത്രമാണിത്. കഴിഞ്ഞ വർഷമാണ് ഇസ്‌ലാമിക് കോർട്സ് പോരാളികൾ സോമാലിയയിൽ അധികാരത്തിലെത്തിയത്. ആഭ്യന്തരയുദ്ധങ്ങളാൽ ശിഥിലമായിക്കഴിഞ്ഞ സോമാലിയയിൽ ഏറക്കുറെ ക്രമസമാധാനം പുനഃസ്ഥാപിക്കാൻ ഇസ്‌ലാമിക് കോർട്സിന് സാധിക്കുകയുണ്ടായി. ഈ ഭരണത്തെ അട്ടിമറിക്കാനാണ് എത്യോപ്യൻ സൈന്യം കഴിഞ്ഞ ഡിസംബറിൽ സോമാലിയയിൽ പ്രവേശിച്ചത്.

എത്യോപ്യൻ സൈന്യം സോമാലികളെ വംശഹത്യ നടത്തുകയാണെന്നും ശൈഖ് ശരീഫ് ആരോപിച്ചു. എത്യോപ്യൻ ബോംബിംഗിൽ 1,680 സോമാലികളാണ് വധിക്കപ്പെട്ടത്. നാലായിരം പേർക്ക് മുറിവേറ്റു. ഒന്നേകാൽ ലക്ഷം പേർ തലസ്ഥാനനഗരി വിട്ട് ഓടിപ്പോയി. പതിനഞ്ച് വർഷത്തിനുള്ളിൽ ഇത്ര രൂക്ഷമായ സംഘട്ടനം സോമാലിയയിൽ ഉണ്ടായിട്ടില്ല. എത്യോപ്യൻ-സോമാലി സേനകൾ യുദ്ധ കുറ്റകൃത്യങ്ങൾ ചെയ്യുന്നതായി യൂറോപ്യൻ യൂനിയൻ സുരക്ഷാ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ കുറ്റപ്പെടുത്തുകയുണ്ടായി. ■